LIBRARY ARCHIVES Kerala Legislative Assembly

സപ്ലൈകോ, മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന ബ്രാൻഡുകളെ സംബന്ധിച്ച വിശദാംശങ്ങൾ പൊതുജനങ്ങളെ അറിയിക്കാറില്ല. എന്നാൽ ഗുണനിലവാരം കുറവാണെന്ന് കണ്ടെത്തുന്ന ബ്രാൻഡുകളുടെ വില്പന നിർത്തിവയ്ക്കുന്നതിനും സപ്ലൈകോയുടെ വില്പനശാലകളിൽനിന്നും പിൻവലിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുവഴി പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള ഭക്ഷ്യസാധനങ്ങളാണ് ലഭിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നു. കൂടാതെ ബ്രാൻഡഡ് അല്ലാത്ത ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാര പരിശോധനയിൽ ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ (FSSAI 2006) ലംഘനം കണ്ടെത്തുന്ന സാഹചര്യത്തിൽ ടി വിവരം ഭക്ഷ്യ സുരക്ഷാ വകുപ്പിനെ അറിയിച്ചുവരുന്നു.

സേനാപതി പഞ്ചായത്തിൽ ധാന്യസംഭരണശാല

303 (303) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ സേനാപതി പഞ്ചായത്തിൽ ധാന്യസംഭരണശാല ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

അനുവദിച്ചിരുന്ന സ്ഥലം പരിശോധിച്ച് സംഭരണശാല നിർമ്മാണത്തിന് അനുയോജ്യമാണെന്ന് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ബി) ധാന്യസംഭരണശാല ആരംഭിക്കുന്നതിനായി റവന്യൂ വകുപ്പ് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്.

(സി) ധാന്യസംഭരണശാലയുടെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

2022-2027 സാമ്പത്തിക വർഷത്തിനകം പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിൽ സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും എൻ.എഫ്.എസ്.എ. ഗോഡൗണുകൾ നിർമ്മിക്കുന്നതിന് പദ്ധതി ആസൂത്രണ ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. ഉടുമ്പൻചോല താലൂക്കിലെ ധാന്യ സംഭരണശാലയുടെ നിർമ്മാണവും ടി പദ്ധതിയിൽ ഉൾപ്പെടുന്നു.

ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

304 (304) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ?

പൊതുവിതരണ വകുപ്പ് വഴിയുള്ള പദ്ധതികളെല്ലാം സംസ്ഥാന തലത്തിലാണ് നടപ്പാക്കിവരുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ സർക്കാർ നിർദ്ദേശപ്രകാരം ഭക്ഷ്യഭദ്രതാ നിയമം 2013 പ്രകാരം പൊതുവിതരണം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവനുസരിച്ച് കോവിഡ് കാലത്ത് 92,000-ത്തിലധികം വരുന്ന കാർഡുടമകൾക്ക് സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം നടത്തി. കൂടാതെ, PHH, AAY (മുൻഗണന) കാർഡുകൾക്ക് PMGKAY അരി, ഗോതമ്പ് എന്നിവ സർക്കാർ നിശ്ചയിച്ചതോതിൽ നൽകിയിട്ടുണ്ട്. ടി കാലയളവിൽ 880 NPI കാർഡുകളും 108 AAY കാർഡുകളും 2009 PHH കാർഡുകളും 3589 NPS കാർഡുകളും 10363 NPNS കാർഡുകളും അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ മണ്ഡലത്തിൽ പ്രസ്തുത വകുപ്പ് മുഖാന്തരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

മേൽ പദ്ധതികൾക്കുപുറമേ അർഹതയില്ലാത്ത AAY, PHH, NPS കാർഡുകൾ കൈവശം വച്ചിരുന്ന 1190-ലധികം കാർഡുടമകളെ കണ്ടെത്തി പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. കൂടാതെ അർഹരായ 81 പേർക്ക് AAY കാർഡും 741 പേർക്ക് PHH കാർഡും അനുവദിച്ചുനൽകിയിട്ടുണ്ട്.

അഴിമതി നടത്തിയവർക്കെതിരെ നടപടി

305 (305) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഭക്ഷ്യക്കിറ്റ് വിതരണത്തിനായി ഉപയോഗിക്കുന്ന തുണിസഞ്ചി വാങ്ങിയതിൽ അഴിമതി നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കുറ്റക്കാരായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഭക്ഷ്യക്കിറ്റ് വിതരണത്തിനായി ഉപയോഗിക്കുന്ന തുണിസഞ്ചി വാങ്ങിയതിൽ അഴിമതി നടന്നതായി കണ്ടെത്തിയിട്ടില്ല.

പുതിയ കേന്ദ്ര ഉപഭോക്തൃ സംരക്ഷണ നിയമം

306 (306) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കേന്ദ്ര ഉപഭോക്തൃ സംരക്ഷണ നിയമം-2019 നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ട നടപടികൾ/പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly